LIBRARY ARCHIVES Kerala Legislative Assembly

മരാമത്ത് വകുപ്പിലെ അഴിമതികളെക്കുറിച്ച് അന്വേഷണം

422 [2542] ശ്രീ. പി. ടി. തോമസ്:
,, എ. സുജനപാൽ:
,, വി. ഡി. സതീശൻ:
,, എം. എ. വാഹിദ്:
,, ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. ഡബ്ല്യു. ഡി.-യിൽ കഴിഞ്ഞ ഇടതു സർക്കാരിന്റെ കാലത്തു നടന്ന അഴിമതിയെക്കുറിച്ച് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് അറുപതിൽപ്പരം യു. ഡി. എഫ്. എം. എൽ. എ.-മാർ നൽകിയ നിവേദനത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെന്തെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വകുപ്പിൽ ഇതുസംബന്ധിച്ചുള്ള ഫയൽ ഏതു ഘട്ടത്തിലാണ്;

(സി) എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) ഇതുവരെ അന്വേഷണമൊന്നും ആരംഭിച്ചിട്ടില്ലെങ്കിൽ ഉടൻ അന്വേഷണം നടത്തുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ — ഡി) നിവേദനത്തിന്മേലുള്ള അന്വേഷണ റിപ്പോർട്ടിന്റെ (ധനകാര്യ ഇൻസ്പെക്ഷൻ വിംഗ് നടത്തിയ) അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് വിശദമായ അന്വേഷണം നടത്തിവരുന്നു.

മരാമത്ത് വകുപ്പിൽ നടന്ന അഴിമതികളെക്കുറിച്ച് അന്വേഷണം

423 [2543] ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. ഡബ്ല്യു. ഡി.-യിൽ കഴിഞ്ഞ ഇടതു സർക്കാരിന്റെ കാലത്തു നടന്ന അഴിമതിയെക്കുറിച്ച് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് യു. ഡി. എഫ്.-ലെ അറുപതിൽപ്പരം എം. എൽ. എ.-മാർ നൽകിയ നിവേദനത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെന്തെന്ന് വ്യക്തമാക്കുമോ;

(ബി) പി. ഡബ്ല്യു. ഡി.-യിൽ ഇതുസംബന്ധിച്ചുള്ള ഫയൽ ഇപ്പോൾ എവിടെയാണ്;

(സി) ഈ നിവേദനം സംബന്ധിച്ച എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ; ഇതുവരെ അന്വേഷണമൊന്നും ആരംഭിച്ചില്ലെങ്കിൽ ഉടനെ അന്വേഷണം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ — സി) എം. എൽ. എ.-മാരുടെ നിവേദനത്തിന്മേൽ ധനകാര്യ (ഇൻസ്പെക്ഷൻ വിംഗ്) വകുപ്പ് അന്വേഷണം നടത്തുകയുണ്ടായി. ഈ അന്വേഷണ റിപ്പോർട്ടിന്മേൽ പൊതുമരാമത്ത് വകുപ്പ് വിശദമായ അന്വേഷണം നടത്തിവരുന്നു.

കെ. എസ്. ഇ. ബി.-യിൽ തസ്തികമാറ്റം വഴിയുള്ള ഡിവിഷണൽ അക്കൗണ്ടന്റിന്റെ ഒഴിവുകൾ

424 [2578] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി.-യിൽ തസ്തികമാറ്റം വഴിയുള്ള ഡിവിഷണൽ അക്കൗണ്ടന്റിന്റെ എത്ര ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) ഇതിന്റെ പ്രിലിമിനറി ടെസ്റ്റിന്റെ പരീക്ഷാഫലം പ്രസിദ്ധീകരിക്കുകയുണ്ടായോ;

(സി) ഇതിന്റെ ഫൈനൽ പരീക്ഷയുടെ നോട്ടിഫിക്കേഷൻ ക്ഷണിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്നത്തേയ്ക്ക് ഫൈനൽ പരീക്ഷ നടത്തി നിയമനത്തിനുള്ള അന്തിമ റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ. എസ്. ഇ. ബി.-യിൽ തസ്തികമാറ്റംവഴി നിയമനത്തിനായി 19 ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്രിലിമിനറി ടെസ്റ്റിന്റെ പരീക്ഷാഫലം 22-9-2003-ന് പ്രസിദ്ധീകരിച്ചു.

(സി ആന്റ് ഡി) ഫൈനൽ പരീക്ഷയിൽ ആരും വിജയിച്ചിട്ടില്ല. പ്രിലിമിനറി ഫൈനൽ പരീക്ഷകൾക്കുള്ള പുതിയ വിജ്ഞാപനം ഉടനെ പ്രസിദ്ധീകരിക്കുന്നതാണ്.

സെറിഫെഡിന്റെ പ്രവർത്തനങ്ങൾ

425 [2711] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെറിഫെഡിന്റെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ മൂന്ന് വർഷത്തെ സെറിഫെഡിന്റെ വരവ് ചെലവ് സംബന്ധിച്ച് വിശദാംശം നൽകാമോ;

(സി) ഈ കാലയളവിലെ ഉൽപ്പാദനത്തിന്റെയും പട്ടുനൂൽ നിർമ്മാണത്തിന്റെയും വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly